(സി) അനന്തപുരം - 2.07 കോടി രൂപ
പെർള - 2.17 കോടി രൂപ
ബേക്കൂർ - 2.00 കോടി രൂപ

പുന്നയൂർക്കുളം വൈദ്യുതി സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

143 (926)പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പുന്നയൂർക്കുളം വൈദ്യുതി സബ്സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ എന്നത്തേയ്ക്ക് കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പുന്നയൂർകുളത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി ചാവക്കാട് താലൂക്കിലെ പുന്നയൂർകുളം വില്ലേജിലെ 3.70 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി നൽകിക്കഴിഞ്ഞു. സ്ഥലമേറ്റെടുക്കുന്നതിനാവശ്യമായ രേഖകൾ തൃശ്ശൂർ ജില്ലാ കളക്ടർക്ക്, തൃശ്ശൂർ ട്രാൻസ്മിഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 1/2/99-ൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുത്ത് കഴിഞ്ഞാലുടൻ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കും.

(ബി) സ്ഥലമേറ്റെടുത്തു കഴിഞ്ഞാലുടൻ പണി ആരംഭിക്കുന്നതാണ്.

വയനാട് ജില്ലയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന വൈദ്യുതി സബ്സ്റ്റേഷനുകൾ

144 (927)ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പുതുതായി സ്ഥാപിക്കാനുദ്ദേശിക്കുന്ന വൈദ്യുതി സബ്സ്റ്റേഷനുകൾ ഏതെല്ലാം ആണെന്നറിയിക്കുമോ;

(ബി) ഇവ സ്ഥാപിക്കുന്നതിനുവേണ്ടി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) കൽപ്പറ്റ, പുൽപ്പള്ളി, പടിഞ്ഞാറെത്തറ, മീനങ്ങാടി എന്നീ സ്ഥലങ്ങളിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാനുദ്ദേശിക്കുന്നു.

(ബി) സബ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള അനുമതി ബോർഡ് നൽകിക്കഴിഞ്ഞു. സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly